**അഭിമുഖം**

ഹസൻ ത്വാഹിർ ഉവൈസ് / ഫഹ്ദ് യാസീൻ

# ‘ദീർഘമായ പോരാട്ടം ഞങ്ങൾ മുന്നിൽ കാണുന്നു’

**സോമാലിയയിൽ** അമേരിക്കൻ സൈനിക കേന്ദ്രങ്ങൾ പുറത്തുവിട്ട പിടികിട്ടാ പുള്ളികളുടെ ലിസ്റ്റിൽ അദ്യ പേരുകാരനാണ് ഹസൻ ത്വാഹിർ ഉവൈസ്. ഹ്രസ്വകാലം സോമാലിയയുടെ നിയന്ത്രണം പിടിച്ചെടുത്ത ഇസ്‌ലാമിക് കോർട്ട്സിന്റെ കൂടിയാലോചനാ സമിതി തലവൻ. ഒരു രാഷ്ട്രമെന്ന നിലക്ക് സോമാലിയ ശിഥിലമായ ഘട്ടത്തിലായിരുന്നു ഇസ്‌ലാമിക് കോർട്ട്സിന്റെ രംഗപ്രവേശം. അയൽ രാഷ്ട്രങ്ങളുടെയും മറ്റും താൽപര്യസംരക്ഷകരായ യുദ്ധപ്രഭുക്കളുടെ സ്വൈരവിഹാരത്തിന് അവർ അറുതിവരുത്തി. സമാധാനവും സുസ്ഥിര ഭരണവും തിരിച്ചുവരുമെന്ന പ്രതീക്ഷയുണർന്നു. ഇസ്‌ലാമിസ്റ്റുകൾ നയിക്കുന്ന ഇസ്‌ലാമിക് കോർട്ട്സിനെ ജനം സർവാത്മനാ പിന്തുണച്ചു.

ഉടൻ അമേരിക്ക ഇടപെട്ടു, നയതന്ത്രപരമായിട്ടല്ല, സായുധമായിട്ടു തന്നെ. അമേരിക്കൻ യുദ്ധവിമാനങ്ങൾ സിവിലിയൻ കേന്ദ്രങ്ങളിലടക്കം ബോംബ് വർഷിച്ചു. പിൻവാങ്ങുകയല്ലാതെ ഇസ്‌ലാമിക് കോർട്ട്സിന് നിർവാഹമുണ്ടായിരുന്നില്ല. നേതാക്കൾ ഒളിവിൽ പോയി. അഫ്ഗാനിസ്താനിലെ തോറോബോറ ഗുഹകൾ പോലെ സുരക്ഷിതമായ ഒളിസങ്കേതങ്ങൾ സോമാലിയയിൽ ഇല്ല. പിടികൂടാൻ എളുപ്പമാണ്. എന്നിട്ടും ഹസൻ ത്വാഹിർ ഉവൈസിനെപ്പോലുള്ള നേതാക്കളെ പിടിക്കാൻ അമേരിക്കക്കും കൂട്ടാളികൾക്കും കഴിഞ്ഞിട്ടില്ല. ജീവൻ പണയപ്പെടുത്തിയും ജനം അവരെ സംരക്ഷിക്കുകയാണ്.

അജ്ഞാത കേന്ദ്രത്തിലിരുന്ന് അൽജസീറ നെറ്റ് പ്രതിനിധി ഫഹ്ദ് യാസീനോട് **ഹസൻ ത്വാഹിർ ഉവൈസ്** സംസാരിച്ചു.

*കഴിഞ്ഞ വർഷം ഒടുവിലാണല്ലോ ഇസ്‌ലാമിക് കോർട്ട്സിന്റെ ഭരണം അട്ടിമറിക്കപ്പെട്ടത്. ഇത്ര പെട്ടെന്ന് ഇസ്‌ലാമിക് കോർട്ട്സ് കീഴടങ്ങുമെന്ന് ആരും കരുതിയില്ല...*

നിങ്ങൾക്കറിയാമല്ലോ, കുറേകാലമായി സോമാലിയ തകർന്ന് ശിഥിലമായി കിടക്കുകയാണ്. വേണ്ടത്ര സൈനിക പരിശീലനം കിട്ടാത്ത യുവാക്കളെ സംഘടിപ്പിച്ചാണ് കോർട്ട്സ് പോരാളി ഗ്രൂപ്പുകൾ ഉണ്ടാക്കിയത്. സാധാരണ ഓരോ സോമാലിയൻ പൗരനും കിട്ടുന്ന സൈനിക പരിശീലനമേ അവർക്കും കിട്ടിയിട്ടുള്ളൂ. പിന്നെ ഞങ്ങൾക്കെതിരെ ആരൊക്കെയാണ് അണിനിരന്നതെന്ന് നോക്കണം. എത്യോപ്യയോട് മാത്രമല്ല, മൊത്തം ലോകത്തോടായിരുന്നു ഞങ്ങൾ പോരാടിയത്. അമേരിക്കയും കെനിയയും സൈന്യവുമായിത്തന്നെ വന്നു. കൂട്ടിന് ഐക്യരാഷ്ട്രസഭ, ആഫ്രിക്കൻ യൂനിയൻ. ഈ മഹാശക്തിക്ക് നേരെ ഞങ്ങൾ ഒരാഴ്ച പോരാടി. പിന്നെ പിന്മാറി. ഉന്മൂലനം ചെയ്യപ്പെടുന്നതിനേക്കാൾ നല്ലത് അതാണെന്ന് ഞങ്ങൾക്ക് തോന്നി.

അമേരിക്ക നിലകൊള്ളുന്നത് ജനാധിപത്യത്തിനു വേണ്ടിയാണത്രെ. പക്ഷേ, ഇസ്‌ലാമിക ഭരണം വരുമെന്ന് കണ്ടാൽ അവർ എല്ലാ ജനാധിപത്യ മര്യാദകളും വലിച്ചെറിയും. അതാണ് സോമാലിയയിൽ കണ്ടത്. ഇത് ഞങ്ങൾക്ക് മേൽ അടിച്ചേൽപിച്ച യുദ്ധമാണ്. നയതന്ത്രതലത്തിൽ ഇടപെടാൻ ഒരു യൂറോപ്യൻ രാഷ്ട്രവും തയാറായില്ല.

*താങ്കൾ സോമാലിയയിൽ വെച്ച് ഒരു ഇറാനിയൻ പ്രതിനിധി സംഘത്തെ കണ്ടുവെന്നും സൈനിക സഹായം അഭ്യർഥിച്ചുവെന്നും ഒരു യു.എൻ റിപ്പോർട്ടിൽ ഉണ്ടായിരുന്നല്ലോ.*

ശുദ്ധ കളവാണിത്. ഇങ്ങനെയൊക്കെയാണ് ഇവർ ഞങ്ങൾക്കെതിരെ യുദ്ധം ചെയ്യുന്നത്. ഇറാൻ ഇങ്ങോട്ടോ ഞങ്ങൾ അങ്ങോട്ടോ പ്രതിനിധികളെ അയച്ചിട്ടില്ല. ഹിസ്ബുല്ലയെ സഹായിക്കാൻ ഞങ്ങൾ ലബനാനിലേക്ക് സൈനികരെ അയച്ചു എന്ന് ഇതേ യു.എൻ എഴുതിവിട്ടു. സോമാലിയ ലബനാനുമായി അതിർത്തി പങ്കിടുന്നില്ല. സൈനികരെ എങ്ങനെ അയച്ചു എന്നാണവർ പറയുന്നത്?

*എത്യോപ്യൻ സൈന്യം സോമാലിയയുടെ ഉൾഭാഗങ്ങളിലേക്ക് നീങ്ങിയതോടെ നിങ്ങൾ സൈന്യത്തെ പിൻവലിക്കുകയായിരുന്നല്ലോ?*

ഞങ്ങളുടെ ജനത നിലനിൽക്കണം. ഞങ്ങളുടെ സൈന്യം നിലനിൽക്കണം. ഇതിനുവേണ്ടിയാണ് പിൻവാങ്ങിയത്. ദീർഘിച്ച ഒരു പോരാട്ടം ഞങ്ങൾ മുന്നിൽ കാണുന്നു. ഒറ്റപ്പോരാട്ടത്തിൽ സൈനികരെ ഒന്നാകെ ബലികൊടുക്കുന്നത് അബദ്ധമാണ്.

*തലസ്ഥാനമായ മൊഗാദിശു വിട്ടശേഷം ഇസ്‌ലാമിക് കോർട്ട്സിന്റെ നേതാക്കൾ തമ്പടിച്ചിരുന്ന രഹസ്യ താവളം അമേരിക്കൻ വിമാനങ്ങൾ ബോംബിട്ടിരുന്നല്ലോ. ആളപായം?*

ബോംബാക്രമണം കൃത്യമായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നേതാക്കൾ രക്ഷപ്പെട്ടു.

*എത്യോപ്യൻ സൈന്യം സോമാലിയയിൽ കടന്നത് അവിടത്തെ നിയമാനുസൃത ഭരണകൂടം ക്ഷണിച്ചിട്ടാണെന്ന് പറയുന്നുണ്ടല്ലോ?*

അങ്ങനെയൊരു ‘നിയമാനുസൃത’ ഭരണകൂടമുണ്ടെന്ന് യു.എൻ വരെ അംഗീകരിച്ചിട്ടില്ല. എത്യോപ്യക്കാരുടെ ലക്ഷ്യം വളരെ വ്യക്തമാണ്. സോമാലിയ എന്ന രാഷ്ട്രം തന്നെ ഇല്ലാതാക്കുക. അതിനെ എത്യോപ്യയിൽ ലയിപ്പിക്കുക. അമേരിക്കയുടെ സഹായത്തോടെ ഈ അജണ്ട നടപ്പാക്കുകയാണ്. ഞങ്ങളുടെ ജനത ഇത് തിരിച്ചറിഞ്ഞിട്ടുണ്ട്. അവരൊന്നടങ്കം ഞങ്ങളുടെ പിന്നിൽ അണിനിരന്നിരിക്കുന്നു. ■

# എയിഡ്സ് കുഞ്ഞുങ്ങളുടെ നിലവിളി

**1998** സെപ്റ്റംബർ 30-ന് ഹുസൈൻ മുഹമ്മദുബ്നു ഗാസി എന്നൊരാൾ ലിബിയൻ പോലീസിന് ഒരു പരാതി കൊടുത്തു. തന്റെ നാലു വയസ്സായ മകൻ ബെങ്കാസി നഗരത്തിലുള്ള അൽഫാതിഹ് എന്ന ശിശുരോഗ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ആശുപത്രി വിട്ട ശേഷം മറ്റൊരു രോഗത്തിന് രക്ത പരിശോധന നടത്തിയപ്പോൾ രക്തത്തിൽ എച്ച്.ഐ.വി രോഗാണുക്കൾ ഉള്ളതായി കണ്ടെത്തി. ഇതിനെക്കുറിച്ച് അന്വേഷിക്കണം. ലിബിയൻ അധികൃതർ പരാതി മുഖവിലക്കെടുത്തില്ല. മാസങ്ങൾ കഴിഞ്ഞാണ് ആശുപത്രി അധികൃതർ ആ ഞെട്ടിക്കുന്ന സത്യം കണ്ടെത്തിയത്- അൽഫാതിഹിലെ നൂറുകണക്കിന് കുട്ടികളുടെ രക്തത്തിൽ എയിഡ്സ് രോഗാണു!

അന്വേഷണം ഊർജിതമായി. കുറ്റവാളികളെ പിടികൂടാൻ അധികസമയം വേണ്ടിവന്നില്ല. ആശുപത്രിയിലെ അഞ്ച് ബൾഗേറിയൻ നഴ്സുമാരും ഒരു ഫലസ്ത്വീനി ഡോക്ടറും കുഞ്ഞുങ്ങളിൽ മനഃപൂർവം എയിഡ്സ് വൈറസ് കുത്തിവെക്കുകയായിരുന്നു. 438 കുഞ്ഞുങ്ങൾ എയിഡ്സ് ബാധിതരായി. അവരിൽ 56 പേർ ഇതിനകം മരിച്ചു.

ലോകമനസ്സാക്ഷിയെ ഞെട്ടിച്ച ഈ ക്രൂരകൃത്യം തമസ്കരിക്കാനായിരുന്നു പാശ്ചാത്യ മീഡിയ തുടക്കം മുതലേ ശ്രമിച്ചത്. മാസാമാസം 'താലിബാനിസ്താൻ' കവർസ്റ്റോറിയാക്കുന്ന *ടൈമി*നും *ന്യൂസ് വീക്കി*നും ഇത് വാർത്ത പോലുമായില്ല. മുഖ്യ പ്രതികൾ ബൾഗേറിയക്കാരാണല്ലോ. അശ്റഫുൽ ഹജൂജ് എന്ന ഫലസ്ത്വീനി ഡോക്ടറെ ലൈംഗിക അപവാദത്തിൽ കുടുക്കി ഈ കൃത്യത്തിന് നിർബന്ധിക്കുകയായിരുന്നു എന്നും ഇതിനകം വെളിപ്പെട്ടുകഴിഞ്ഞിരുന്നു.

1999-ൽ ആറു പേരും അറസ്റ്റ് ചെയ്യപ്പെട്ടു. കുറ്റം തെളിഞ്ഞതിനെത്തുടർന്ന് ലിബിയൻ കോടതി 2004-ൽ ആറു പേർക്കും മരണശിക്ഷ വിധിച്ചു. യൂറോപ്യൻ യൂനിയന്റെയും മറ്റും ഇടപെടൽ മൂലം ശിക്ഷ ജീവപര്യന്തമായി ഇളവ് ചെയ്തു. വീണ്ടും യൂറോപ്യൻ യൂനിയൻ സമ്മർദം ചെലുത്തിക്കൊണ്ടിരുന്നു. അങ്ങനെ കഴിഞ്ഞ ജൂലൈ 24-ന് 'കുറ്റവിമുക്തരാ'ക്കപ്പെട്ട് ആറു പേരും ബൾഗേറിയൻ തലസ്ഥാനമായ സോഫിയയിലേക്ക് പറന്നു. ഫലസ്ത്വീനി ഡോക്ടർ ഇതിനകം ബൾഗേറിയൻ പൗരത്വവും ഒപ്പിച്ചെടുത്തിരുന്നു.

എന്തൊരു വരവേൽപ്പായിരുന്നു സോഫിയാ എയർപോർട്ടിൽ! വന്നിറങ്ങിയത് ഫ്രഞ്ച് പ്രസിഡന്റിന്റെ പ്രത്യേക വിമാനത്തിൽ. സ്വീകരിക്കാനെത്തിയവർ ചില്ലറക്കാരല്ല. ബൾഗേറിയൻ പ്രസിഡന്റ് ജോർജി പർവനോവ്, വിദേശ കാര്യമന്ത്രി ഇവായ്ലോ കൽഫിൻ, യൂറോപ്യൻ യൂനിയൻ വിദേശകാര്യ കമീഷണർ ബെനിറ്റ ഫെറേറോ വാൾഡ്നർ, ഫ്രഞ്ച് പ്രസിഡന്റിന്റെ ഭാര്യ സെസ്ലിയാ സർക്കോസി... നാട്ടിൽ തിരിച്ചെത്തിയാൽ ജീവപര്യന്തം തടവിന്റെ ബാക്കി അനുഭവിക്കണമെന്നായിരുന്നു വ്യവസ്ഥ. വന്നിറങ്ങും മുമ്പുതന്നെ ബൾഗേറിയൻ പ്രസിഡന്റ് അവർക്ക് മാപ്പു കൊടുത്തതിനാൽ ആ പ്രശ്നവും സോൾവായി.

എയിഡ്സ് ബാധിച്ച ഓരോ കുഞ്ഞിനും ഒരു മില്യൻ ഡോളർ കൈപറ്റിയാണത്രെ ലിബിയൻ അധികൃതർ കച്ചവടമുറപ്പിച്ചത്. 1988-ലെ ലോക്കർബി ദുരന്തത്തിനുശേഷം കരിമ്പട്ടികയിൽ സ്ഥിരമായി സ്ഥാനം പിടിച്ച ലിബിയയുമായി സർവ ബന്ധങ്ങളും പുനരാരംഭിക്കാമെന്ന് യൂറോപ്യൻ യൂനിയൻ വാക്കുകൊടുത്തിട്ടുണ്ട്. 35 വർഷത്തിനു ശേഷം ആദ്യമായി അമേരിക്ക ട്രിപ്പോളിയിലേക്ക് ഒരു അംബാസഡറെ നിയോഗിക്കാൻ പോകുന്നു. ലിബിയയിൽനിന്ന് തുനീഷ്യയെയും ഈജിപ്തിനെയും ബന്ധിപ്പിക്കുന്ന രാജപാതക്കുള്ള കാശ് യൂറോപ്യൻ യൂനിയൻ തരും. ഒരു വെടിക്ക് എത്ര പക്ഷികളാണ്. അതിനിടക്ക് എയിഡ്സ് കുഞ്ഞുങ്ങളുടെ നിലവിളി ആരു കേൾക്കാൻ! ■

# ഹോളിലാന്റ് ഫൗണ്ടേഷൻ: വിചാരണ ആരംഭിച്ചു

**അമേരിക്കയിലെ** ഏറ്റവും വലിയ ഇസ്ലാമിക ധർമസ്ഥാപനമായിരുന്ന ഹോളിലാന്റ് ഫൗണ്ടേഷന് എതിരെയുള്ള വിചാരണ ടെക്സാസിൽ ആരംഭിച്ചു. ഗൂഢാലോചന, ഭീകരന്മാർക്കുള്ള സാമ്പത്തിക സഹായം എന്നിവയാണ് ആരോപിക്കപ്പെട്ട പ്രധാന കുറ്റങ്ങൾ. ഇസ്രയേലിനെ തകർക്കുക എന്ന ലക്ഷ്യത്തോടെ ഹമാസിന്റെ ചാവേർ പടയാളികളുടെ കുടുംബങ്ങൾക്ക് വൻതോതിൽ ധനസഹായം നൽകി എന്നും കുറ്റപത്രത്തിലുണ്ട്. കുറ്റം ചാർത്തിയിട്ടില്ലെങ്കിലും ഹമാസിന്റെ സ്ഥാപകൻ ഉൾപ്പെടെ 300 മുസ്ലിം വ്യക്തികളെയും സംഘടനകളെയും ഗൂഢാലോചനയിൽ പങ്കുള്ളവരായി ചിത്രീകരിച്ചിരിക്കുന്നു.

ആരോപണങ്ങൾ കെട്ടിച്ചമച്ചതാണെന്നും ഫലസ്ത്വീനിലെ അനാഥരും അഗതികളുമായ കുട്ടികളുടെ സംരക്ഷണത്തിനാണ് തങ്ങൾ സഹായം നൽകിയതെന്നും ഹോളിലാന്റ് ഫൗണ്ടേഷന്റെ വക്താക്കൾ പറഞ്ഞു. അമേരിക്കയുടെ സഹായ ഏജൻസിയായ USAID(US Agency For International Development)മായി സഹകരിച്ചാണ് ഹോളിലാന്റ് ചില ദുരിതാശ്വാസ സംരംഭങ്ങൾ നടത്തിയത്. "രോഗികളും പട്ടിണികിടക്കുന്നവരുമായ ഫലസ്ത്വീനി കുഞ്ഞുങ്ങൾക്ക് ഭക്ഷണ-വൈദ്യ സഹായമെത്തിക്കുന്നത് ഭീകരതയാണെന്ന് ബുഷ് ഭരണം വാദിച്ചാൽ പിന്നെ എന്തുചെയ്യും?" അമേരിക്കയിലെ മുസ്ലിം ലീഗൽ ഫണ്ടിന്റെ പ്രസിഡന്റ് ഖലീൽ മീക്ക് ചോദിച്ചു: "കോടതിയിൽ തെളിവ് സംബന്ധമായ ചട്ടങ്ങൾ ഈ തരത്തിൽ വലിച്ചുനീട്ടുന്നത് അസംബന്ധത്തിന്റെ തലമോളം എത്തിയിരിക്കുന്നു."

സെപ്റ്റംബർ പതിനൊന്നിലെ ആക്രമണത്തിനു ശേഷം തൊട്ടുടനെ 2001 ഡിസംബറിൽ പോലീസ് ഹോളിലാന്റ് ഫൗണ്ടേഷൻ ഓഫീസിൽ റെയ്ഡ് നടത്തുകയും അതിന്റെ സ്വത്തുക്കൾ മരവിപ്പിക്കുകയും ചെയ്തിരുന്നു. അതിനു ശേഷം നിരവധി മുസ്ലിം ദുരിതാശ്വാസ സംഘടനകളെയും പ്രവർത്തകരെയും അമേരിക്ക കരിമ്പട്ടികയിൽ ചേർക്കുകയുണ്ടായി. ■